**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3540** **20.10.2016 -ൽ മറുപടിക്ക്**

**<u>പല്ലന-കുമാരകോടി പാലത്തിന്റെ സർവ്വീസ് റോഡിന്റെ നിർമ്മാണം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പല്ലന-കുമാരകോടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട സർവ്വീസ് റോഡിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്; | (എ) പല്ലന ഭാഗത്തെ സർവ്വീസ് റോഡ് പൂർത്തീകരിച്ചു. കരുവാറ്റ ഭാഗത്തെ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| (ബി) ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന തിനുള്ള നടപടിക്രമം ഏതു ഘട്ടത്തി ലാണ് എന്നും അടിയന്തരമായി സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിക്കുമോ എന്നും വെളിപ്പെടുത്താമോ ? | (ബി) പാലം പണി ആരംഭിക്കുന്ന സമയത്ത് കരുവാറ്റ ഭാഗത്തെ സർവ്വീസ് റോഡിനുള്ള സ്ഥലം പരിസരവാസികൾ സൗജന്യമായി വിട്ട് നൽകാമെന്ന് സമ്മതിച്ചിരുന്നെങ്കിലും പാലം പണി തുടങ്ങി കഴിഞ്ഞപ്പോൾ സ്ഥലത്തിന് വില നൽകണമെന്ന് ആവശ്യപ്പെടുകയാണ് ഉണ്ടായത്. ഇതേ തുടർന്ന് 15.03.2015 ൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സർവ്വീസ് റോഡുകൾക്കു വേണ്ടി വരുന്ന സ്ഥലത്തിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കാർത്തികപ്പള്ളി തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തു. സ്ഥലത്തിന്റെ കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**